Page 1 of 1

ത്തിനനുസരിച്ച് അതായത് ഇപ്പോഴത്തെ കാലത്തിനനുസരിച്ച് ഇവിടത്തെ മുഖ്യമന്ത്രി നൃത്തം ചെയ്തില്ലെങ്കിൽ അവർ താഴത്തിറക്കുമെന്നുള്ള കാര്യം മുഖ്യമന്ത്രി മറക്കരുത്. യു. പി. യിലെ ചരൺസിംഗിനും, പഞ്ചാബിലെ ബാദൽ മന്ത്രിസഭയ്ക്കും ഇവിടത്തെ പട്ടംതാണുപിള്ളയ്ക്കും ഇതേ അനുഭവമാണ് സർ ഉണ്ടായിട്ടുള്ളത്. ഈ രാജ്യത്തെ കർഷകരും തൊഴിലാളികളും സമാധാനപരമായി പ്രക്ഷോഭണം നടത്തുന്നതിനെ അടിച്ചമർത്തുന്നതിന് ഞങ്ങളുടെ സഹായം വേണമെന്നാവശ്യപ്പെട്ടാൽ സഹകരിക്കുന്നതിന് എങ്ങനെ സാധിക്കും? കുമരകം ലാത്തിച്ചാർജ്ജിനെപ്പററി ഒരു അന്വേഷണം നടത്താൻ മുന്നോട്ടു വന്ന ഈ ഗവണ്മെൻറിന് അനുമോദനമുണ്ട്. എന്നാൽ വർഗ്ഗീസിനെ പിടിച്ച് കയറിൽ കെട്ടി വച്ച് വെടി വച്ചു കൊന്നപ്പോൾ അതിനെപ്പററി ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഈ മുഖ്യമന്ത്രിയുടെ നീതിബോധം കാശിക്ക് പോയിരുന്നുവോ? പക്ഷെ ഇപ്പോൾ ഒരു അന്വേഷണം നടത്തുന്നതിനു ഓർഡർ ഇട്ടതിൽ വളരെയധികം സന്തോഷമുണ്ട്. ഈ രാജ്യത്ത് ശ്രീ. അച്യുതമേനോൻ മന്ത്രിയായിരുന്നപ്പോൾ സമാധാനപരമായി നടത്തിയ പ്രക്ഷോഭണത്തെ അടിച്ചമർത്തുന്നതിനു വേണ്ടി ലാത്തിച്ചാർജ്ജ് നടത്തിയപ്പോൾ ഞങ്ങളുടെ പാർട്ടി ചെയർമാൻെറ ഒരു കണ്ണ് പോകുകയുണ്ടായി. അദ്ദേഹത്തിന് ഇപ്പോഴും ഒരു കണ്ണ് കാണുകയില്ല. അന്ന് അതിനെപ്പററി ഒരു അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടപ്പോൾ ഈ ഗവണ്മെൻറതിന് സന്നദ്ധമായില്ല. അങ്ങനെയുള്ളവരാണ് ഇന്ന് നീതിബോധത്തെപ്പററി പ്രസംഗിക്കുന്നത്. പതിനായിരക്കണക്കിന് ആളുകളെ കേസിൽ കുടുക്കി കൊണ്ട് ഈ രാജ്യത്തെ സംഘടിതമായ ജനാധിപത്യതത്വങ്ങളെ എതിർക്കുകയാണ്. ഈ ഗവണ്മെൻറു ചെയ്യുന്ന നല്ല കാര്യങ്ങളെ അനുകൂലിക്കണമെന്നോ സഹായിക്കണമെന്നോ പറഞ്ഞാൽ അതിന് ഞങ്ങൾ സന്നദ്ധരാണ്. ഈ ഗവണ്മെൻറു ഇന്ദിരാ കോൺഗ്രസിൻെറ തലയാളായി പ്രവർത്തിക്കുന്ന ഇവിടത്തെ മുഖ്യമന്ത്രിയ്ക്ക് അടിസ്ഥാനപരമായി നല്ല കാര്യങ്ങൾ ചെയ്യുന്നതിന് എങ്ങിനെ കഴിയും? ഇന്ദിരാ കോൺഗ്രസിൻെറ വലയം ഭേദിച്ചു കൊണ്ട് മുഖ്യമന്ത്രി ചാടുകയാണെങ്കിൽ എനിക്ക് പറയുവാനുള്ളത് മുഖ്യമന്ത്രി ഇരിക്കുന്നത് അവിടെ ആയിരിക്കുകയില്ല പ്രതിപക്ഷത്തായിരിക്കുമെന്നാണ്. ഇത്രയും കാര്യങ്ങൾ ഓർമ്മിപ്പിച്ചു കൊണ്ട് ഞാനെൻെറ വാക്കുകൾ അവസാനിപ്പിച്ചു കൊള്ളുന്നു.

**Mr. Speaker:** Order, Order.

Some of the amendments given notice by members to the Motion of Thanks moved by Shri M. N. Govindan Nair are in Malayalam. Strictly speaking these amendments are not in order as the original Motion of Thanks is in English, and as such the amendments in Malayalam do not fit in. According to the Rules of Procedure and Conduct of Business in the Kerala Legislative Assembly amendments to the Motion of Thanks may be moved in such form as may be considered appropriate by the Speaker. In this Assembly it has been the consistant practice to allow amendments to be moved only in English when the Motion of Thanks given notice is in English. However, in view of the opinions expressed by the Leader of the House, Leader of Opposition and Leaders of Parties and considering the nature of the Motion of Thanks, I am allowing the members who have given notice their amendments in Malayalam to move the amendments standing in their name.

This ruling is strictly confined to the amendments to Motion of Thanks to the Governor's Address.

LIBRARY ARCHIVES Kerala Legislative Assembly